Lalith Babu

# പല ഫയലുകളിൽ നിന്നും വിവരങ്ങൾ ക്രോഡീകരിച്ച ഒരു റിപ്പോർട്ട് നൽകുന്നതിനോ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും നൽകുന്നതിനോ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ല

i. ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള 'വിവര'ങ്ങൾ ലഭിക്കുവാനുള്ള അവകാശമാണ് വിവരാവകാശ നിയമം പൗരൻമാർക്ക് നൽകുന്നത്. ഒരു പൊതു അധികാരിയുടെ കൈവശമുള്ള ഫയലുകളോ രേഖകളോ പ്രമാണങ്ങളോ പരിശോധിക്കുക, അവയുടെ കുറിപ്പ് എടുക്കുക, പകർപ്പ് എടുക്കുക എന്നിവയാണ് വിവരാവകാശ നിയമപ്രകാരം ജനങ്ങൾക്ക് ലഭിച്ചിരിക്കുന്ന അവകാശം. പല ഫയലുകളിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ഒരു റിപ്പോർട്ട് നൽകുന്നതിനോ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും നൽകുന്നതിനോ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ല. ചോദ്യരൂപത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ, ചോദ്യത്തിന് നേരിട്ട് ഉത്തരമായി ഒരു 'വിവരം' ലഭ്യമാണെങ്കിൽ അവ നൽകുവാനുള്ള ബാധ്യത പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് ഉണ്ട്. അല്ലാത്തപക്ഷം, വിവരങ്ങൾ ശേഖരിക്കുവാൻ അപേക്ഷകനെ സഹായിക്കുവാനുള്ള ബാധ്യതയും പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കുണ്ട്. ഇത്തരം അവസരങ്ങളിൽ പരാതിക്കാരൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ഉൾപ്പെടുന്ന ഫയലുകളും രേഖകളും പ്രമാണങ്ങളും കാണുവാനും കുറിപ്പെടുക്കുവാനും ആവശ്യമുള്ള രേഖകളുടെ പകർപ്പ് എടുക്കുവാനും അവസരം നൽകുകയാണ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ചെയ്യേണ്ടത്.

ii. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയ നടപടിക്രമത്തെ കുറിച്ചാണ് അപ്പീൽ ഹർജിക്കാരൻ പ്രധാനമായും പരാതി ഉന്നയിച്ചിരിക്കുന്നത്. അപ്പീൽ ഹർജിക്കാരനെ 11.06.2007 ന് രണ്ടാം എതൃകക്ഷി നേരിൽ കേൾക്കുകയും ലഭ്യമായ വിവരങ്ങൾ ഉടൻ തന്നെ നൽകുവാനും ഇല്ലാത്തവക്ക് ആയതിനുള്ള കാര്യകാരണ സഹിതം മറുപടി നൽകുവാനും ഒന്നാം എതൃകക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 11.06.2007 ലെ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ 03.07.2007 ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

4. മേൽ പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

i. നഗരസഭയിൽ ലഭ്യമായ വിവരങ്ങൾ/രേഖകൾ നൽകുന്നതിനും ഇല്ലാത്തവക്ക് കാര്യകാരണ സഹിതം മറുപടി നൽകുവാനും ഒന്നാം എതൃകക്ഷിക്ക് നിർദ്ദേശം നൽകി കൊണ്ടാണ് ഒന്നാം അപ്പീൽ തീർപ്പാക്കിയിരിക്കുന്നത്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന ഫയലുകളും, രേഖകളും നേരിൽ കാണുവാനും, പരിശോധിക്കുവാനും കുറിപ്പെടുക്കുവാനും ആവശ്യമുള്ള പേജുകളുടെ പകർപ്പെടുക്കുവാനുമുള്ള അവസരം ഒന്നാം എതൃകക്ഷി അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്. ഇതിനുള്ള സമയവും സ്ഥലവും നിശ്ചയിച്ചുകൊണ്ടുള്ള അറിയിപ്പ്, ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ ഒന്നാം എതൃകക്ഷി അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്. വിവരാവകാശ നിയമപ്രകാരം സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അപ്പീൽ ഹർജിക്കാരനിൽ നിന്നും ഈടാക്കാവുന്നതാണ്.

ii. ഈ ഉത്തരവിൽ കൈക്കൊണ്ട നടപടി സംബന്ധിച്ച റിപ്പോർട്ട് ഒന്നാം എതൃകക്ഷി കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

അപ്പീൽ ഹർജി ഇപ്രകാരം തീർപ്പാക്കി കമ്മീഷൻ ഇന്നേ ദിവസം 2008 ജനുവരി മാസം 11-ാം തിയതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.